"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - വി.എച്ച്.എസ്.സി - എയ്ഡഡ് - ഇടുക്കി വണ്ണപ്പുറം എസ്.എൻ.എം വി.എച്ച്.എസ്.എസ്-ൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തണമെന്നാവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എൽ)വകുപ്പ്**

സ.ഉ.(സാധാ) നം.2520/2025/GEDN തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:-
1. മാനേജരുടെ 31-12-2024 തീയതിയിലെ റിവിഷൻ ഹർജി
2. ഹർജിക്കാരന്റെ പ്രതിനിധി സമർപ്പിച്ച തീയതിരഹിത ഹിയറിംഗ് നോട്ട്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി.എച്ച്.എസ്സ്.ഇ വിഭാഗം) 19-02-2025 തീയതിയിലെ VHSE/2905/2024/E5 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി വണ്ണപ്പുറം എസ്.എൻ.എം വി.എച്ച്.എസ്.എസ്-ൽ 31-01-2016 ൽ വിരമിക്കലിലൂടെ ഉണ്ടായ അക്കൗണ്ടൻസി&ഓഡിറ്റിംഗിൽ ഉണ്ടായ ഒഴിവും, ഇതേ വിഭാഗത്തിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ശ്രീ.പത്മകുമാർ 31-05-2024 ൽ വിരമിച്ചത് വഴിയുണ്ടായ ഒഴിവും നികത്തുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് മാനേജർ ജി.ഒ(എം.എസ്)54/2024/പൊവിവ തീയതി 01-06-2024 ഉത്തരവിൻ പ്രകാരം സർക്കാരിൽ സമർപ്പിച്ച പരാമർശം (1)റിവിഷൻ ഹർജി തീർപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയത് പ്രകാരം മാനേജറുടെ പ്രതിനിധിയെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രതിനിധിമാരെയും 20-2-2025 ന് ഗൂഗിൾ മീറ്റ് മുഖേന നേരിൽ കേട്ടു.

**2)ഹർജിയിലെ സംഗ്രഹവും, ഹിയറിംഗ് വേളയിൽ ഹർജിക്കാരന്റെ പ്രതിനിധി ഉന്നയിച്ച വാദഗതികളും ചുവടെ ചേർക്കുന്നു:-**

വണ്ണപ്പുറം എസ്.എൻ.എം. ഹൈസ്കൂൾ 1995-96 മുതൽ വൊക്കേഷണൽ

ഹയർ സെക്കണ്ടറി സ്കൂളായി അപഗ്രേഡ് ചെയ്തു. അനുവദിച്ചിട്ടുള്ള വൊക്കേഷണൽ വിഷയങ്ങളിൽ ഒരു വിഷയം അക്കൗണ്ടൻസി& ഓഡിറ്റിംഗ് ആയിരുന്നു. ഈ വിഷയത്തിന് ഒരു വൊക്കേഷണൽ അദ്ധ്യാപകന്റെ തസ്തികയും ഒരു വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ തസ്തികയും ഒരു ലാബ് ടെക്നിക്കൽ അസിസ്റ്റന്റിന്റെ തസ്തികയുമാണ് അനുവദിച്ചിട്ടുണ്ടായിരുന്നത്. അക്കൗണ്ടൻസി&ഓഡിറ്റിംഗ് വിഭാഗത്തിലെ വൊക്കേഷണൽ അദ്ധ്യാപകൻ ശ്രീ.ഇ.ഡി.ചന്ദ്രബോസ് **31-03.2016** ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു. വൊക്കേഷണൽ ഇൻസ്ട്രക്ടറായ ശ്രീ.പത്മകുമാറും **31-05-2024** ൽ റിട്ടയർ ചെയ്തു. **9-05-2018** ന് ശേഷം വൊക്കേഷണൽ വിഷയങ്ങളിലെ ഒഴിവുകൾ നികത്തുന്ന നടപടി നിർത്തിവച്ചിട്ടുള്ളതിനാൽ **05-05-2018** ന് മുമ്പ് ഉണ്ടായ ഒഴിവുകൾ സ്ഥാപിക്കപ്പെട്ടതാണെങ്കിൽ നികത്തുന്നതിന് **09-05-2018** ലെ ഉത്തരവ് തടസമാകുന്നില്ല. അതിനാൽ **31-03-2016** ൽ ശ്രീ.ഇ.ഡി. ചന്ദ്രബോസ് റിട്ടയർ ചെയ്ത ഒഴിവ് നികത്തുന്നതിനുള്ള അനുവാദത്തിനായി ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷന് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിശോധിച്ച് **01-04-2016** ന് ശേഷം **9-5-2018** മുതൽ നിയമന നിരോധനം വരുന്നതുവരെ വൊക്കേഷണൽ ടീച്ചറിന്റെ ഒഴിവ് പ്രൊപ്പോസൽ സമർപ്പിച്ച് സ്കൂൾ അധികൃതർക്ക് നികത്തുന്നതിന് മതിയായ സമയം ഉണ്ടായിരുന്നങ്കിലും അവർ അതു വിനിയോഗിച്ചില്ല. വൊക്കേഷണൽ ഇൻസ്ട്രക്ടർ റിട്ടയർ ചെയ്തത് **31-05-2024** ൽ ആയതിനാൽ നിയമന നിരോധനം ബാധിക്കുന്നതുമാണ്. ഇക്കാരണങ്ങളാൽ മാനേജർ **19-08-2024** ൽ ഡയറക്ടർ ജനറൽ ഓഫ് എഡ്യുക്കേഷന് സമർപ്പിച്ച അപേക്ഷ നിരസിച്ചുത്തരവായി. ഈ ഉത്തരവിനെതിരെയാണ് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുന്നത്.

ചുവടെ ചേർക്കുന്ന കാരണങ്ങളാൽ **31-03-2016** ൽ റിട്ടയർ ചെയ്ത ഇ.ഡി ചന്ദ്രബോസിന്റെ വൊക്കേഷണൽ ടീച്ചർ തസ്തികയിൽ നിയമനം നടത്തുവാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

**9-5-2018** മുതൽ NSQF(National Skills Qualification Frame Work) നിലവിൽ വന്നു. അതിനാലാണ് **9-5-2018** ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ

റഗുലർ നിയമനങ്ങൾ നിർത്തിവച്ചിട്ടുണ്ട് എന്നുള്ളതു വസ്തുതയാണ്. എന്നാൽ **9-05-2018** ന് മുമ്പ് ഉണ്ടായ ഒഴിവുകളിൽ നിയമനം നടത്തണം എന്നപേക്ഷിച്ചു കൊണ്ട് laboratory Technical Assistant റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി.രേവതിയും മറ്റൊള്ളവരും ഫയൽ ചെയ്ത OA No.2342/2018, OA 2373,/2018 നമ്പർ കേസുകളിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായവും ടി വിധിന്യായത്തിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട OP KAT 168/2019 ന്റെ 9-07-2019 ലെ വിധിന്യായത്തിൽ **9-5-2018** ന് മുമ്പുണ്ടായ ഒഴിവുകളിൽ നിയമനം നടത്താവുന്നതും നടത്തിയ നിയമനങ്ങൾ അംഗീകരിക്കാവുന്നതാണെന്നും വിധിയുണ്ടായി. ഈ വിധിന്യായത്തിനെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന SLP(C)-30379-30380/2019 എന്നിവ 'നിരസിക്കപ്പെട്ടു. രാജ്യത്തെ പരമോന്നത നീതിപീഠം കല്പിച്ച വിധിന്യായ പ്രകാരം **9-5-2018** ന് മുൻപുള്ള ഒഴിവുകൾ നികത്താവുന്നതാണ്.

വണ്ണപ്പുറം എസ്.എൻ.എം. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ സ്ഥാപക മാനേജർ **2009** ൽ മരിക്കുന്നതിന് മുമ്പ് രജിസ്റ്റർ ചെയ്തിരുന്ന വിൽപത്രംപ്രകാരം സ്കൂളും സ്കൂളിന്റെ സ്ഥാവര ജംഗമ വസ്തുക്കളുടെ പൂർണ്ണ ഉടമസ്ഥാവകാശം അദ്ദേഹത്തിന്റെ പൗത്രൻ മനു മനോജിനായി വിൽപത്രം എഴുതി പിടിപ്പിച്ച് രജിസ്റ്റർ ചെയ്തിരുന്നു. സ്ഥാപക മാനേജരുടെ ഈ നടപടിയ്ക്കതിരെ ടിയാന്റെ ഇളയമകൻ ജുഡീഷ്യൽ നടപടിയുമായി മുന്നോട്ട് പോയി. തുടർന്ന് മനു മനോജിനനുകുലമായി ജുഡീഷ്യൽ തീരുമാനം ഉണ്ടായതിനു ശേഷം **2019** ൽ മാത്രമാണ് എസ്.എൻ.എം.വി.എച്ച്.എസ്.എസ് ന് മാനേജർ ഉണ്ടാകുന്നത്. അതിന് മുമ്പ് സ്ഥാപക മാനേജരുടെ മരണശേഷം സ്കൂളിന്റെ നടത്തിപ്പ് സർക്കാർ ഏറ്റെടുത്ത് ജില്ല വിദ്യാഭ്യാസ ആഫീസർ മാനേജരായി പ്രവർത്തിക്കുവാൻ ഡയറകർ ജനറൽ ഓഫ് എഡ്യുക്കേഷൻ ഉത്തരവ് നൽകി . ഈ ഉത്തരവിനെതിരെ ബഹു കേരള ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉണ്ടായി. ആയതിനാൽ ഫലത്തിൽ ജില്ല വിദ്യാഭ്യാസ ആഫീസർക്കും മാനേജർ എന്ന നിലയിൽ താൽക്കാലിക നിയമനങ്ങൾ പോലും

നടത്തുവാൻ കഴിഞ്ഞിരുന്നില്ല. എഡ്യൂക്കേഷണൽ ഏജൻസിക്ക് മാനേജരായി അംഗീകാരമില്ലാത്തതിനാൽ എഡ്യുക്കേഷണൽ ഏജൻസിക്കും 09-05-2018-ന് മുമ്പ് ശ്രീ.ഇഡി. ചന്ദ്രബോസിന്റെ വേക്കൻസി നികത്തുവാൻ കഴിഞ്ഞില്ല.

NSQF പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 66 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ടങ്കിലും വണ്ണപ്പുറം എസ്.എൻ. എം.വി. എച്ച്.എസ്.എസ്. ഇതിൽ ഉൾപ്പെട്ടിട്ടില്ല. National Skills Qualification Frame Work പ്രകാരം അക്കൗണ്ടൻസി& ഓഡിറ്റിംഗിന്റെ ക്വാളിഫിക്കേഷൻ നിലവിൽ കേരള സർക്കാർ G.O (P)No.81/2004/G.Edn നമ്പരായ 12-03-204 ലെ നോട്ടിഫിക്കേഷൻ പ്രകാരം അംഗീകരിച്ചിട്ടുള്ളത് അതേ യോഗ്യത തന്നെയാണ്. 31-5-2024 ൽ അക്കൗണ്ടിംഗ്&ആഡിറ്റിംഗ് വിഭാഗം പഠിപ്പിക്കുവാൻ അദ്ധ്യാപകരില്ലാതെ പൂർണ്ണമായി അനാഥമായി. ഈ നില തുടർന്നുപോകുവാൻ പറ്റാത്ത സാഹചര്യം വന്നു ചേർന്നിരിക്കുന്നു. ഇതിന്റെ പേരിൽ ഒന്നാം വർഷത്തെയും രണ്ടാവർഷത്തേയും കുട്ടികളും രക്ഷാകർത്താക്കളും നിരന്തരം ബഹളം തുടങ്ങി. സംസ്ഥാനത്തെ എല്ലാം വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലും 9-05-2018 ന് മുമ്പ് ഒഴിവ് വന്ന തസ്തികകൾ നികത്തുന്നതിന് സർക്കാർ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിരുന്നില്ല. എന്നാൽ മുകളിൽ വിവരിച്ച വസ്തുതകൾ കാരണം വണ്ണപ്പുറം എസ്.എൻ.എം.വി.എച്ച്.എസ്.എസ്-നെ മാനേജർ ആരും ഇല്ലാതിരുന്നതിനാൽ 2010-11 മുതൽ 2018-19 വരെ നിയമനങ്ങൾ നടത്തിയിരുന്നില്ല. ബഹു. സുപ്രീംകോടതിയും സർക്കാർ ഫയൽ ചെയ്ത SLP(C) 30379-30380/2019 ഡിസ്മിസ് ചെയ്തു കൊണ്ട് 9-5-2018 ന് മുമ്പുണ്ടായിരുന്ന ഒഴിവുകൾ നികത്തണം എന്ന ബഹു കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിന്യായം അംഗീകരിച്ചിട്ടുള്ളതാണ്. സർക്കാർ അംഗീകരിച്ചിട്ടുള്ളതും നടപ്പാക്കൽ പുരോഗമിക്കുന്നതുമായ ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരവും 9-05-2018 മുമ്പുള്ള ഒഴിവായതിനാൽ അക്കൗണ്ടിംഗ്& ഓഡിറ്റിംഗിലെ വൊക്കേഷണൽ ടീച്ചർ അദ്ധ്യാപക തസ്തിക നികത്തുന്നതിന് അനുകൂലമാണ്. മാനേജർ ഉന്നയിച്ച വിഷയത്തിന്റെ തീവ്രത കേൾവി സമയത്തോ അതിനുശേഷം ഉത്തരവാകുമ്പോഴോ ഡയറക്ടർ ജനറൽ

കണക്കിലെടുത്തിട്ടില്ല. ഒരു വിഷയത്തിൻമേൽ ബഹു. കോടതി നിർദ്ദേശം വന്നാൽ സമാനമായ എല്ലാം കേസുകൾക്കും പ്രസ്തുത വിധി ബാധകമാണെന്ന് നിരവധി കേസുകളിൽ ബഹു ഹൈക്കോടതിയും സുപ്രീം കോടതിയും റൂളിംഗ് നല്കിയിട്ടുള്ളതാണ്.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ റിവിഷൻ ഹർജി അനുവദിച്ച് അക്കൗണ്ടൻസി&ആഡിറ്റിംഗ് വിഭാഗം നില നിർത്തുന്നതിനും നിലവിലെ കോഴ്സുകളിൽ തുടർന്നുകൊണ്ടി രിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി ദോഷമാകാതിരിക്കുവാൻ 31-03-2016 ൽ ഒഴിവ് വന്ന് അക്കൗണ്ടിംഗ് & ആഡിറ്റിംഗിലെ വൊക്കേഷണൽ അദ്ധ്യാപക തസ്തിക റഗുലർ ബേസിൽ നിയമനം നടത്താൻ അനുവാദം നൽകണം എന്ന് അപേക്ഷിക്കുന്നു.

**3)ടി വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (വി.എച്ച്.എസ്.ഇ വിഭാഗം) ലഭ്യമാക്കിയ റിപ്പോർട്ട്:-**

1995-96 വർഷം മുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം പ്രവർത്തനം തുടങ്ങിയ വണ്ണപ്പുറം SNM VHS സ്കൂളിൽ അക്കൗണ്ടൻസി & ഓഡിറ്റിംഗ്-ലെ വൊക്കേഷണൽ അദ്ധ്യാപകനായ ശ്രീ.ഇ.ഡി.ചന്ദ്രബാസ് 31/03/2016 ലും, ഇതേ വിഭാഗത്തിലെ വൊക്കേഷണൽ ഇൻസ്ട്രക്ടറായ ശ്രീപത്മകമാർ 31/05/2014 ലും സർവ്വീസ്സിൽ നിന്നും വിരമിച്ചുവെന്നും, വൊക്കേഷണൽ അദ്ധ്യാപകനും, വൊക്കേഷണൽ ഇൻസ്ട്രക്ടറും ഇല്ലാതെ ടി സ്കൂളിലെ അക്കൗണ്ടൻസി & ഓഡിറ്റിംഗ് വിഭാഗം അനാഥമാകും ആയതിനാൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്തണം എന്നതുമാണ് സ്കൂൾ മാനേജരുടെ ആവശ്യം.

09-05-2018 ലെ G.O(MS)56/2018/G.Edn ഉത്തരവ് പ്രകാരം, NSQF പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം, 66 സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 09-05-2018 മുതൽ വൊക്കേഷണൽ വിഭാഗത്തിലെ നിയമനങ്ങൾ നിർത്തിവച്ചിട്ടുള്ളതാണ്.

ദേശീയ തൊഴിൽ നൈപുണ്യ പാഠ്യ പദ്ധതിക്കനുസൃതമായ തസ്തികകൾ സ്കൂളുകളിൽ നിശ്ചയിക്കുന്നതുവരെ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമന നടപടികൾ താൽക്കാലികമായി നിർത്തി 14/6/2018 ലെ 155/എസ്.സി3/2018/പൊവിവ നമ്പർ കത്തു പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ടി തസ്തികകളിലേക്ക് പ്രൊമോഷൻ വഴിയും യാതൊരു നിയമനവും നടത്തരുതെന്ന് 19-01-2019 ലെ G.EDN -SC2/287/2018/GEDN നമ്പർ കത്തു പ്രകാരം സർക്കാർ അറിയിച്ചിരുന്നു.

2018-19 മുതൽ 2020-21 വരെയുള്ള 3 അദ്ധ്യയന വർഷക്കാലങ്ങളിൽ ഘട്ടം ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ വി.എച്ച്എസ് സ്കൂളുകളിലും NSQF പ്രകാരമുള്ള ജോബ് റോളുകൾ നടപ്പിലാക്കുകയുണ്ടായി. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ 66 സർക്കാർവി.എച്ച്.എസ് സ്കൂളുകളിൽ NSQF നടപ്പിലാക്കി സർക്കാർ ഉത്തരവായിരുന്നു. സ.ഉ(കൈ)നം56/2018/പൊവിവ തീയതി 09-05-2018 സ.ഉ(കൈ)നം.170/2021/പൊ.വി.വ തീയതി 29/07/2021 പ്രകാരം 2021-22 അക്കാദമിക വർഷം മുതൽ ആരംഭിക്കേണ്ട 131 NSQF ബാച്ചുകളിലെ കോഴ്സുകളും ബാച്ചുകളും പുനഃക്രമീകരിച്ചും ഉത്തരവായിരുന്നു. ഇപ്രകാരം, തൊഴിൽ നൈപുണ്യ കോഴ്സുകളിൽ നിരന്തരമായ മാററം അനിവാര്യമായതിനാൽ കേരളത്തിലെ വി.എച്ച്എസ് സ്കൂളുകളിൽ സ്ഥിര നിയമനം അസാദ്ധ്യമാണെന്നും ആയതിനാൽ കേരളത്തിലെ സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കണ്ടി സ്കൂളുകളിൽ വിവിധ കാരണങ്ങളാൽ (വിരമിക്കൽ, രാജി, മരണം, സ്ഥാനക്കയറ്റം പിരിച്ചുവിടൽ അച്ചടക്ക നടപടി മുതലായവ) ഉണ്ടാകുന്ന എല്ലാ വൊക്കേഷണൽ ടീച്ചർ ഒഴിവുകളിലേക്കും NSQF പ്രകാരമുള്ള ബന്ധപ്പെട്ട ജോബ് റോൾനിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരും വ്യവസ്ഥാപിതമായ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരും ആയ ഉദ്യോഗാർത്ഥികളെ പരമാവധി ഒരു അക്കാദമിക് വർഷം ദൈർഘ്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിനാണ്

സഉ(കൈ)നം242/2021/പൊവിവ തീയതി 28/10/2021 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

വണ്ണപ്പുറം SNM VHS സ്കൂളിൽ 01-04-2016 ശേഷം, 09/05/2018 മുതൽ നിയമന നിരോധനം വരുന്നവരെ, വൊക്കേഷണൽ ടീച്ചറിന്റെ ഒഴിവ് അറിയിച്ച്, നിയമനം നടത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ സ്കൂൾ അധികൃതർക്ക് മതിയായ സമയം ഉണ്ടായിരുന്നുവെങ്കിലും അവർ അത് വിനിയോഗിച്ചില്ല ഇവിടെ യഥാസമയം പ്രൊപ്പോസൽ സമർപ്പിച്ചിട്ടും ബന്ധപ്പെട്ട അധികാരികൾ നടപടി കൈക്കൊള്ളാതെ നിയമനം നടത്താൻ കഴിയാതെ വന്നതല്ല. വൊക്കേഷണൽ വിഭാഗത്തിൽ വരുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർ വൊക്കേഷണൽ ടീച്ചർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ 09/05/2018 ന് ശേഷം നിയമനം നടത്താൻ കഴിയില്ല കൂടാതെ 01/06/2024 -ൽ സ്കൂളിൽ ഉണ്ടായിട്ടുള്ള വൊക്കേഷണൽ ഇൻസ്ട്രക്ടർ ഒഴിവ് 9/05/2018 ന് ശേഷം ഉണ്ടായതാകയാൽ ടി ഒഴിവിൽ വൊക്കേഷണൽ ഇൻസ്ട്രക്ടറെ നിയമിക്കണമെന്ന ആവശ്യവും പരിഗണിക്കാൻ കഴിയില്ല. അക്കൗണ്ടിംഗ് &ഓഡിറ്റിംഗ് വിഭാഗത്തിൽ 28/10/2021 ലെ GO(MS)242/2021/G.Edn നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ നടപടിക്രമങ്ങൾ പാലിച്ച് വൊക്കേഷണൽ ടീച്ചർ തസ്തികയിൽ താൽക്കാലിക നിയമനം നടത്താവുന്നതാണ്.

9/05/2018-ന് മുൻപ് ഉണ്ടായതും, 9/05/2018 ന് മുൻപ് PSC-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ ഒഴിവ് ആയതിനാലാണ് കോടതി ഉത്തരവുകൾ ശ്രീമതി.രേവതിക്ക് അനുകൂലമായി വന്നതും പ്രസ്തുത തസ്തികയിൽ ടിയാരിക്ക് നിയമനം നൽകിയതും എന്ന വിവരം സർക്കാർ മുൻപാകെ വിനയപൂർവം അറിയിക്കുന്നു.

**4) ഹർജി മേൽ സൂചിപ്പിച്ച റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും/ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.**

ഇടുക്കി വണ്ണപ്പുറം SNM VHS സ്കൂളിൽ അക്കൗണ്ടൻസി&ഓഡിറ്റിംഗ് വിഭാഗത്തിലെ വൊക്കേഷണൽ അദ്ധ്യാപകനായ ശ്രീ.ഇ.ഡി.ചന്ദ്രബോസ് 31-03.2016-ലും, വൊക്കേഷണൽ ഇൻസ്ട്രക്ടറായ ശ്രീ.പത്മകുമാർ 31-05-2024-ലും റിട്ടയർ ചെയ്തു. ബന്ധപ്പെട്ട മാനേജർ യഥാസമയം പ്രൊപ്പോസൽ സമർ പ്പിക്കാതിരുന്നതിനാലും 9-05-2018 ന് ശേഷം വൊക്കേഷണൽ വിഷയങ്ങളിലെ ഒഴിവുകൾ നികത്തുന്ന നടപടി നിർത്തിവച്ചിട്ടുള്ള സാഹചര്യത്തിലും ആണ് വിദ്യാഭ്യാസ ഓഫീസറും പൊതുവിദ്യാഭ്യാസ ഡയറക്ടറും(വി.എച്ച്.എസ്.ഇ)വിഭാഗം, നിയമനം നടത്തുന്നതിന് അനുമതി നിഷേധിച്ചത്.

ശ്രീ.ഇ.ഡി.ചന്ദ്രബോസ് വിരമിക്കുന്ന വേളയിൽ വണ്ണപ്പുറം SNM VHS സ്കൂൾ എഡ്യൂക്കേഷണൽ ഏജൻസിയുടെ മാനേജർ പദവി സംബന്ധിച്ച് തർക്കങ്ങളും ഇത് സംബന്ധിച്ചു കോടതി വ്യവഹാരങ്ങളും നിലനിന്നിരുന്നു. മാത്രമല്ല ഒരു അംഗീകൃത മാനേജറും ഇക്കാലത്തു ഉണ്ടായിരുന്നുമില്ല എന്നും ഹിയറിംഗ് സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള വാദങ്ങളിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അത്തരം ഒരു സാങ്കേതിക തടസ്സം ഉള്ളതിനാലാകാം (അക്കാലത്തു) യഥാസമയം പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാധിക്കാതെയിരുന്നത്. പിന്നീട് സ്കൂളിന്റെ അംഗീകരിക്കപ്പെട്ട പുതിയ മാനേജർ വന്നപ്പോൾ മേൽ സൂചിപ്പിച്ച ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായുള്ള അനുമതിക്കായി അപേക്ഷ ചട്ടപ്രകാരം സമർപ്പിച്ചിട്ടുമുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ സാങ്കേതികമായ കാലതാമസം മാത്രമേ ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ളൂ എന്ന് വേണം കരുതാൻ.

09/05/2018 ലെ GO(Ms) 56/2018/G.EDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം **2018-19** അധ്യയന വർഷം മുതൽ **NSQF** നടപ്പിലാക്കിയതിന്റെ ഭാഗമായി പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായ തസ്തികകൾ സംസ്ഥാനത്തെ സ്കൂളുകളിൽ നിശ്ചയിക്കുന്നത് വരെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിലെ Vocational Teacher,Vocational Instructor,Lab Technical Assistant എന്നീ തസ്തികകളിലേക്കുള്ള നിയമനനടപടികൾ താൽക്കാലികമായി

നിർത്തിവെക്കാൻ 14/06/2018 ലെ 155/SC3/2018/GEDN നമ്പർ കത്ത് പ്രകാരം നിർദേശം നൽകുകയുണ്ടായി. തുടർന്ന് സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ വിവിധ കാരണങ്ങളാൽ (വിരമിക്കൽ, രാജി, മരണം, സ്ഥാനക്കയറ്റം, പിരിച്ചുവിടൽ, അച്ചടക്കനടപടി മുതലായവ) ഉണ്ടാകുന്ന എല്ലാ വൊക്കേഷണൽ ടീച്ചർ ഒഴിവുകളിലേക്കും വ്യവസ്ഥകളോടെ പരമാവധി ഒരു അക്കാദമിക വർഷം ദൈർഘ്യമുള്ള താൽക്കാലിക നിയമനം നടത്താനും സ.ഉ(കൈ)നം.242/2021/പൊവിവ തീയതി 24.10.2021 പ്രകാരം ഉത്തരവായിട്ടുണ്ട്.

**5)** ഇടുക്കി വണ്ണപ്പുറം SNM VHS സ്കൂളിൽ അക്കൗണ്ടൻസി&ഓഡിറ്റിംഗ് വിഭാഗത്തിലെ വൊക്കേഷണൽ അദ്ധ്യാപകനായ ശ്രീ.ഇ.ഡി.ചന്ദ്രബോസ് 31-03-2016 ൽ റിട്ടയർ ചെയ്തത് മുതൽ നിലവിൽ വന്ന ഒഴിവ് നിലനിൽക്കുന്ന സാഹചര്യത്തിലും, വി.എച്ച്.എസ്.ഇ വിഭാഗത്തിലെ നിയമന നിരോധനം നിലവിൽ വന്ന 09/05/2018 ലെ GO(Ms) 56/2018/G.EDN നമ്പർ സർക്കാർ ഉത്തരവ് 14/06/2018 ലെ 155/SC3/2018/G.EDN നമ്പർ സർക്കാർ കത്ത് എന്നിവയ്ക്ക് മുമ്പ് തന്നെ ഈ ഒഴിവ് സ്ഥാപിക്കപ്പെട്ടതായതിനാലും, ടി അധ്യാപക തസ്തികയിലേക്ക് റഗുലർ വ്യവസ്ഥയിൽ G.O(P)No.81/2004/G.Edn. Dated. 12-03-2004 ലെ Special റൂളിലെ വ്യവസ്ഥകൾ പ്രകാരം നിയമനം നടത്തുന്നതിന് അനുമതി നൽകി കൊണ്ട് മാനേജർ സമർപ്പിച്ച പരാമർശം **(1)** റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SWAPNA P**

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, വി.എച്ച്.എസ്.ഇ വിഭാഗം, തിരുവനന്തപുരം
അസിസ്റ്റന്റ് ഡയറക്ടർ, വി.എച്ച്.എസ്.ഇ മേഖലാ ഓഫീസ്, തൃശൂർ
അഡ്വക്കേറ്റ് മനു മനോജ്, മാനേജർ, എസ്.എൻ.എം. വി.എച്ച്.എസ്.എസ്, വണ്ണപ്പുറം, ഇടുക്കി
ഐ ആൻഡ് പി ആർ (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ് (സർക്കാർ

വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന് )

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 07-04-2025 17:40:25

സെക്ഷൻ ഓഫീസർ